ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ഐ. എൻ. റ്റി. യു. സി. എന്നും കമ്മ്യൂണിസ്റ്റ് പാർട്ടിയെന്നും പറയുകയുണ്ടായി. അതായത്, ഒന്ന് രാഷ്ട്രീയ പാർട്ടിയായിട്ടും ഒന്ന് ട്രെയിഡ്യൂണിയനായിട്ടും; ഇത് ഉദ്ദേശപരമല്ലേ ?

ശ്രീ. എ. ജെ. ജാൺ : അല്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ഇതിൽ ഒന്ന് കമ്മ്യൂണിസ്റ്റ് പാർട്ടി അല്ലെങ്കിൽ ഇടതുപക്ഷം എന്ന പറഞ്ഞിരിക്കേ ഐ എൻ. റ്റി. യു. സി. യുടെ നേതൃത്വത്തെ സംബന്ധിച്ചിടത്തോളം കാണ്ഗ്രസ്സുകാർ എന്ന പറയുന്നതല്ലേ ശരി ?

ശ്രീ. എ. ജെ. ജാൺ : ഓരോരുത്തക്കും ഓരോമാതിരി അഭിപ്രായമുണ്ട്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ഇടതുപക്ഷപാർട്ടിയെ പാർട്ടിയുടെ പേരിലാണോ യൂണിയന്റെ പേരിലാണോ സംബോധന ചെയ്യുന്നത് ?

ശ്രീ. എ. ജെ. ജാൺ : അത് സന്ദർഭം അനുസരിച്ചു ചെയ്യും.

ശ്രീ. പ്രാക്കുളം ഭാസി : എരുമേലിയിൽ കൊലപാതകം എങ്ങനെ ഉണ്ടായി ?

ശ്രീ. എ. ജെ. ജാൺ : പൂർണ്ണവിവരങ്ങൾ ലഭിച്ചുകഴിഞ്ഞിട്ടില്ല. ഇന്നലെ വൈകുന്നേരമാണ് ഫയൽ എന്റെ കൈയ്യിൽ കിട്ടിയത്. അതിൽ ഈ വിവരം ഇല്ല.

ശ്രീ. പ്രാക്കുളം ഭാസി : രണ്ട് രാഷ്ട്രീയ പാർട്ടിയുടെ സംഘട്ടനം കൊണ്ടല്ല അതു ഉണ്ടായതെന്നും ഗുണ്ടാകളുടെ അക്രമമാണ് അതിനു കാരണമെന്നും അറിയാമോ ?

ശ്രീ. എ. ജെ. ജാൺ : വിവരങ്ങൾ ലഭിച്ചിട്ടില്ല.

ശ്രീ. ടി. ഒ. ചാവ : കമ്മ്യൂണിസ്റ്റ് നേതൃത്വത്തിലുള്ള ഒരാൾ ഐ. എൻ. റ്റി. യു. സി-യിലെപ്പെട്ട ഒരാളെ കൊലപ്പെടുത്തിയതായി അറിയാമോ ?

ശ്രീ. എ. ജെ. ജാൺ : അറിഞ്ഞുകൂടാ.

ശ്രീ. കെ. സി. ജാക്ക് : ഇതിനെ സംബന്ധിച്ചുള്ള വിവരം എപ്പോൾ തരുവാൻ സാധിക്കും ?

ശ്രീ. എ. ജെ. ജാൺ : ഈ അസംബ്ലി കഴിയുന്നതിനു മുൻപ് കിട്ടിയാൽ തരാം.

ആയുർവ്വേദാശുപത്രി സ്ഥാപനം.

* 73. [9] ശ്രീ. ആർ. സുഗതൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കഴിഞ്ഞ ബഡ്ജറ്റ്സമ്മേളനത്തിനുശേഷം സ്റ്റേറ്റിൽ എത്ര പുതിയ ആയുർവ്വേദ ഡിസ്പെൻസറികൾ തുറന്നുവെന്ന് പറയുവാൻ കഴിയുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആയുർവ്വേദ ഡിസ്പെൻസറികൾ സ്ഥാപിച്ചുകിട്ടണമെന്നു കാണിച്ച് എത്ര അപേക്ഷകൾ ഗവണ്മെൻറിനു കിട്ടിയിട്ടുണ്ട്?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം)

(എ) ഒരു ആശുപത്രിയും, ഒരു ഡിസ്പെൻസറിയും തുറന്നിട്ടുണ്ട്.

(ബി) 53 അപേക്ഷകൾ കിട്ടിയിട്ടുണ്ട്.

ശ്രീ. ആർ. സുഗതൻ : അപേക്ഷകൾ എവിടെനിന്നെല്ലാമാണ് കിട്ടിയതെന്നു പറയാമോ?

ശ്രീ. എ. എ. റഹിം : 53 അപേക്ഷകൾ കിട്ടിയിട്ടുണ്ട്. എവിടെനിന്നെല്ലാമാണെന്നുള്ള വിവരം ഇപ്പോൾ കൈവശമില്ല.

ശ്രീ. ടി. കെ. ദിവാകരൻ : ഈ ബഡ്ജറവതരണം തുടങ്ങി ആറു മാസമായിട്ടും ബഡ്ജറിൽ പ്രഖ്യാപിച്ചിരുന്ന ആശുപത്രികളും ഡിസ്പെൻസറികളും തുറക്കുന്നതിനു താമസിക്കുന്നത് എന്തുകൊണ്ടാണ്?

ശ്രീ. എ. എ. റഹിം : കഴിഞ്ഞ ബഡ്ജറവ സമ്മേളനം കഴിഞ്ഞ് 12 ഡിസ്പെൻസറികൾ തുടങ്ങുന്നതിനുള്ള ഓർഡർ ആയിട്ടുണ്ട്.

ബഹുമതിമുദ്ര.

* 74. [10] ശ്രീമതി കെ. ആർ. ഗൗരി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐക്യതമിഴക സമരകാലത്ത് ധീരതയോടും ന്യായബോധത്തോടും തെക്കൻതിരുവിതാംകൂറിൽ പെരുമാറിയതിനു് ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥന്മാർക്ക് ബഹുമതിമുദ്ര പോലീസ് ഡിപ്പാർട്ടുമെൻറിൽനിന്നും നൽകിയിട്ടുണ്ടോ; അതെല്ലാം നാശകിയിട്ടുണ്ട്;

(ബി) മൈസൂരിൽ ഒരു കോടതിയിൽ തമിഴ്നാടുകേസ്സുകൾ വിചാരണയിലിരിക്കുന്ന കാലത്തു് കേസിനു കാരണഭൂതരായ പോലീസ് ഉദ്യോഗസ്ഥന്മാർക്ക് ബഹുമതിമുദ്ര നൽകിയതിനെതിരായി തെക്കൻതിരുവിതാംകൂർ തമിഴ്നാടുകോൺഗ്രസ്സ് എക്സിക്യൂട്ടീവ് പ്രമേയം പാസ്സാക്കിയതു് ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥനെയോ, പോലീസ് മേധാവിയെയോ നീക്കംചെയ്യണമെന്നു് ടി. ടി. എൻ. സ്. ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തിയിട്ടുണ്ടെന്നു പറയുമോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) ബഹുമതിമുദ്ര ആർക്കും നൽകിയിട്ടില്ല.

(ബി) ഉവ്വ്.

(സി) അറിവില്ല.

ശ്രീ. പി. ആർ. മാധവൻപിള്ള : റിവാർഡു കൊടുത്തിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ : ഉണ്ടു്.

ശ്രീ. പി. ആർ. മാധവൻപിള്ള : എത്ര പേർക്ക്?

LIBRARY ARCHIVES Kerala Legislative Assembly